പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3623 12.12.2014 - ൽ മറുപടിയ്ക്ക്

## സ്നേഹപൂർവ്വം പദ്ധതി

ചോദ്യം

ശ്രീ. പി.കെ. ബഷീർ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സ്നേഹപൂർവ്വം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | മാതാവോ പിതാവോ ഇവർ ഇരുവരുമോ മരണമടഞ്ഞ ബി.പി.എൽ വിഭാഗത്തിലുള്ള കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് സ്കൂൾ/ കോളേജുകളിൽ പഠിക്കുന്നവരുമായ കുട്ടികൾക്കാണ് ഈ പദ്ധതി ആനുകൂല്യം അനുവദിക്കുന്നത്. എ.പി.എൽ വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ കുടുംബ വാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപയിലും നഗരപ്രദേശങ്ങളിൽ 22,375/- രൂപയിലും താഴെയാണെങ്കിലും ഈ പദ്ധതി ആനുകൂല്യത്തിന് അർഹതയുണ്ട്. 5-ാം ക്ലാസ്സുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 300/- രൂപ നിരക്കിലും 6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 500/- രൂപ നിരക്കിലും +1,+2 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 750/- രൂപ നിരക്കിലും ഡിഗ്രി/പ്രൊഫഷണൽ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 1000/- രൂപ നിരക്കിലും (പ്രതിവർഷം പരമാവധി 10 മാസത്തേയ്ക്ക്) ധനസഹായം അനുവദിക്കുന്നു. |
| (ബി) | നിലവിൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അവയിൽ എത്രയെണ്ണത്തിൽ സഹായം നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ? | (ബി) | 2013-14 സാമ്പത്തിക വർഷത്തിൽ 40020 അപേക്ഷകൾ ലഭിച്ചു. 11437 അപേക്ഷകൾ അപാകതയുള്ളതായിരുന്നു. ബാക്കി അർഹതയുള്ള 28583 പേരിൽ 27325 പേർക്ക് ധനസഹായം അനുവദിച്ചു. |

| ജില്ല | അപേക്ഷ കളുടെ എണ്ണം | ധനസഹായം അനുവദിച്ച അപേക്ഷകളുടെ എണ്ണം |
|---|---|---|
| എറണാകുളം | 3700 | 3183 |
| കോഴിക്കോട് | 2782 | 2762 |
| ആലപ്പുഴ | 1528 | 1408 |
| കോട്ടയം | 1558 | 1528 |
| പത്തനംതിട്ട | 1312 | 1245 |
| തൃശ്ശൂർ | 2132 | 2084 |
| തിരുവനന്തപുരം | 4062 | 4058 |
| കൊല്ലം | 2255 | 2158 |
| പാലക്കാട് | 3167 | 3025 |
| കണ്ണൂർ | 1028 | 1010 |
| ഇടുക്കി | 858 | 810 |
| മലപ്പുറം | 2214 | 2114 |
| വയനാട് | 818 | 786 |
| കാസർഗോഡ് | 1169 | 1154 |
| ആകെ | 28583 | 27325 |

2014-15 വർഷത്തിൽ അപേക്ഷകൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേന ഓൺലൈനായിട്ടാണ് സ്വീകരിക്കുന്നത്. 856 അപേക്ഷകൾ ഓൺലൈനായി സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ് സൈറ്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സ്കൂൾ മേധാവികൾ 11 കുട്ടികളുടെ കമ്പ്യൂട്ടർ ജനറേറ്റഡ് ലിസ്റ്റ് മാത്രമാണ് ശുപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ